**(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)**

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6/ 814/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ജില്ലാ

ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം തീയതി 02.06.2016

ഫോൺ നമ്പർ 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആനാട് ഗ്രാമപഞ്ചായത്ത് -2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **ആനാട് ഗ്രാമപഞ്ചായത്തിന്റെ 2014-15** സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ …................ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ …................ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

**വിശ്വസ്തതയോടെ,**

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

**നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6.814/2016** **തീയതി 02.06.2016**

## <u>തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.**)**

തിരുവനന്തപുരം ജില്ലയിലെ **ആനാട് ഗ്രാമപഞ്ചായത്തിന്റെ 2014-15** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.04.2016 മുതൽ 30.04.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത

വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ **ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ**

ഓഡിറ്റിനു വിനിയോഗിച്ച സമയം 22.04.2016 മുതൽ 30.04.2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ ശ്രീമതി സുമംഗല റ്റി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.ചാക്കോ റ്റി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.അനിഷ എസ്.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.രജികുമാർ എം, ഓഡിറ്റർ

ശ്രീ.സഫീർ അഹമ്മദ് അബ്ദുൽ റൗഫ്, ഓഡിറ്റർ

**(ബി)നിർവ്വഹണാധികാരികൾ**

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | | സാദിയ ബീവി | 01.04.2014മുതൽ 31.03.2015 വരെ |
| സെക്രട്ടറി | : | | മോഹനൻ ചെട്ടിയാർ | 01.04.2014മുതൽ 04.08.2014 വരെ |
| | | | ആൽബർത്ത പെരേര | 05.08.2014മുതൽ 31.03.2015വരെ |

അസി. എഞ്ചിനീയർ സുജ 01.04.2014 മുതൽ 20.11.2014 വരെ

രമാകുമാരി.ബി.ആർ 21.11.2014 മുതൽ 31.03.2015 വരെ

വി.ഇ.ഒ ലത്തീഫാബീഗം, സജീവ് 01.04.2014 മുതൽ 31.03.2015 വരെ

വെറ്ററിനറി സർജൻ ഡോ.ജോസ് ക്രിസ്റ്റഫർ രാജ് 01.04.2014 മുതൽ 15.06.2014 വരെ

ഡോ.ഷമൻ 16.06.2014 മുതൽ 31.03.2015 വരെ

മെഡിക്കൽ ഓഫീസർ,

(പി.എച്ച്.സി) ഡോ.ഹരികുമാർ 01.04.2014 മുതൽ 31.03.2015 വരെ

മെഡിക്കൽ ഓഫീസർ

(ആയുർവ്വേദം) ഡോ.മൈഥിലിക്കുട്ടി 01.04.2014 മുതൽ 16.06.2014 വരെ

ഡോ.ബാബ എസ് 17.06.2014 മുതൽ 16.02.2015 വരെ

ഡോ.കിഷോർ കുമാർ 17.02.2015 മുതൽ 21.03.2015 വരെ

മെഡിക്കൽ ഓഫീസർ

(ഹോമിയോ) ഡോ.വീണ 01.04.2014 മുതൽ 31.03.2015 വരെ

ഹെഡ്മാസ്റ്റർ വിജയൻ നായർ 01.04.2014 മുതൽ 31.03.2015 വരെ

കൃഷി ഓഫീസർ രശ്മി സി.ആർ 01.04.2014 മുതൽ 31.03.2015 വരെ

എെ.സി.ഡി.എസ്

സൂപ്പർവൈസർ ഗീതാ കുമാരി 01.04.2014 മുതൽ 31.03.2015 വരെ

അസിസ്റ്റന്റ് സെക്രട്ടറി ശകുന്തള.ഡി 01.04.2014 മുതൽ 31.12.2014 വരെ

അശോക്.സി 01.01.2015 മുതൽ 31.03.2015 വരെ

**ഉള്ളടക്കം**


| **ക്രമ നം.** | **ഭാഗം 1** | **ഖണ്ഡിക നമ്പർ** | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1.1 | 5 |

| | | | |
|---|---|---|---|
| 2 | വാർഷിക ധനകാര്യ പത്രിക | 1.2 | 5 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | 5 |
| 4 | സാമ്പത്തിക വിശകലനം | 1.4 | 5 |
| 5 | ഫണ്ട് വിനിയോഗം | 1.5 | 6 |
| 6 | പദ്ധതി അവലോകനം | 1.6 | 6 |
| 7 | തനത് വരുമാനം | 1.7 | 6 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 | 7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | 7 |
| 10 | ആഭ്യന്തര നിയന്ത്രണം | 1.10 | 7 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 | 7 |
| | **ഭാഗം 2** | | |
| 12 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2.1 | 8 |
| 13 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 2.2 | 8 |
| 14 | വാടക നിരക്കിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല- തനതുഫണ്ടിന് നഷ്ടം | 2.3 | 9 |
| 15 | രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക ധനകാര്യ പത്രികയിലേതുമായി പൊരുത്തപ്പെടുന്നില്ല | 2.4 | 9 |
| 16 | ഡി & ഒ ലൈസൻസ് | 2.5 | 9 |
| 17 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 2.6 | 10 |
| 18 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 2.7 | 10 |
| | **ഭാഗം 3** | | |
| 19 | ഫോംവർക്കിന് അധിക നിരക്ക് നല്കി | 3.1 | 11 |
| 20 | കിണർ നിർമ്മാണം-എർത്ത് വർക്കിന് അധിക തുക നല്കി | 3.2 | 13 |
| 21 | സ്പോർട്സ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം- മാർഗ്ഗരേഖാ വിരുദ്ധം | 3.3 | 14 |
| 22 | ജീവനക്കാർക്കു അധികവേതനം - തിരികെ ഈടാക്കേണ്ടതാണ്. | 3.4 | 14 |

| | | | |
|---|---|---|---|
| 23 | **3.**വൗച്ചറുകളും, കൈപ്പറ്റു രസീതുകളും ഹാജരാക്കിയിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു. | 3.5 | 15 |
| 24 | മാർക്കറ്റ് നവീകരണം - തുക അംഗീകരിക്കുന്നില്ല | 3.6 | 16 |
| 25 | കേര കൃഷി വികസന പദ്ധതി- അധികമായി പിൻവലിച്ച തുക തിരിച്ചടക്കേണ്ടതാണ്. | 3.7 | 18 |
| 26 | വികസന ഫണ്ട് ഫലപ്രദമായി പ്രയോജനപ്പെടുത്തിയിട്ടില്ല | 3.8 | 19 |
| 27 | വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ മാർഗ്ഗരേഖാ വിരുദ്ധം | 3.9 | 20 |
| 28 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3.10 | 21 |
| 29 | ആസ്തികൾ സംരക്ഷിക്കാതെ നടപ്പാക്കിയ പദ്ധതികൾ പരാജയപ്പെട്ടു. | 3.11 | 22 |
| | **ഭാഗം 4** | | |
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ) | 4.1 | 23 |
| 31 | ഡെപ്പോസിറ്റ് വർക്കിന് നൽകിയിരുന്ന പ്രവൃത്തികളുടെ വിശദാംശം | 4.2 | 23 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ) | 4.3 | 23 |
| 33 | വായ്പ / വായ്പ തിരിച്ചടവ് | 4.4 | 24 |
| 34 | സ്ഥിര നിക്ഷേപങ്ങൾ | 4.5 | 24 |
| 35 | ഓഡിറ്റ് റിക്കവറി | 4.6 | 24 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികളുടെ വിശദാംശം | 4.7 | 24 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | 25 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 | 27 |

# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

2014-15വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 2014 മാർച്ച് 3 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2015 | 30-7-2015 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2014-15 | 19-8-2015 | KSA.TVM/F1/1111/15(16) |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 26877653

വരവ് - 94489750

ആകെ - 121367403

ചെലവ് - 86005908

നീക്കിയിരിപ്പ് - 35361495

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2250050 | 15799000 | 18049050 | 14623040 | 3426010 | 81 |
| വികസനഫണ്ട് എസ്.സി.പി. | 721516 | 4048000 | 4769516 | 2668297 | 2101219 | 56 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 38000 | 38000 | 0 | 38000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 450698 | 7636000 | 8086698 | 7453687 | 633011 | 92 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 801217 | 4285000 | 5086217 | 4282984 | 803233 | 84 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1440755 | 10106704 | 11547459 | 8034346 | 3513113 | 69.6 |
| പെർഫോമൻസ് ഗ്രാന്റ് | 3820950 | 4317000 | 8137950 | 3628139 | 4509811 | 45 |
| എം.എൻ.ആർ.ഇ.ജി.എസ്. | 51202 | 21618530 | 21669732 | 21669732 | 0 | 100 |
| ബി ഫണ്ട് | 0 | 30472759 | 30472759 | 30065959 | 0 | 98.7 |
| റ്റി.എസ്.സി | | 700000 | 700000 | 100000 | 600000 | 14.3 |
| ഐ.സി.ഡി.എസ്.സെൻട്രൽ ഷെയർ | 42185 | 376417 | 418602 | 418602 | - | 100 |

കുറിപ്പ്. **31.03.2015** ന് മുൻപ് തൊഴിൽരഹിതവേതനം പി.ഒ.സി ആയി മാറിയ തുക ചെലവഴിക്കാത്തതിനാൽ ബി ഫണ്ടിൽ തുക ബാക്കിയായി കാണുന്നു.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 211 | 42036835 | 167 | 42036835 | 44 | ഇല്ല |

# 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 55.43ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2752285 | 3465958 | 713673 | +20.6 |
| നികുതിയേതര വരവുകൾ | 161101 | 198098 | 36997 | +18.7 |
| **ആകെ** | **2913386** | **3664056** | **750670** | **+20.5** |

# 1-8 ക്ഷേമ പദ്ധതികൾ

തൻ വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1228800 | 687 |
| കർഷകതൊഴിലാളി പെൻഷൻ | 6145860 | 852 |
| വിധവാപെൻഷൻ | 11775330 | 1402 |
| വാർദ്ധക്യകാലപെൻഷൻ | 7733670 | 1259 |
| വികലാംഗപെൻഷൻ | 3111780 | 341 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 230000 | 8 |
| അവിവാഹിതരായ അമ്മമാർക്കുള്ള ധന സഹായം | 499065 | 51 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.04.2016-ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2018/-രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തേണ്ടതാണ്. രേഖകൾ, രജിസ്റ്ററുകൾ - പരിപാലനം തൃപ്തികരമല്ല. പദ്ധതികളുടെ ബാഹുല്യം, പദ്ധതിപ്പണത്തിന്റെ വിനിയോഗത്തെ ഫലപ്രാപ്തിയിലെത്തിക്കുന്നില്ല. നിർവ്വഹണഉദ്യോഗസ്ഥർ, ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകളോടൊപ്പമുള്ള രേഖകൾ കുറ്റമറ്റവയാണെന്നു് ഉറപ്പുവരുത്തേണ്ടതാണു്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.02.2016 | 31.03.2016 | 12.04.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.08.2014 | 2011-12 | 2011-12 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി -ഈടാക്കിയതിൽ കുറവ്.

2014-15 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൻ പ്രകാരം തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. S N V ഹയർ സെക്കൻഡറി സ്കൂൾ, ആനാട് എന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ പറയും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്.**

| ജീവനക്കരന്റെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|
| സുമിത.B V | 125232 | 1000 | 1250 | 250 |
| ജിതേഷ് T | 107478 | 750 | 1000 | 250 |
| രശ്മി പുളിക്കൽ | 105978 | 750 | 1000 | 250 |
| **ആകെ നഷ്ടം** | | | | **750** |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-2 വാടക കുടിശ്ശിക 26784/- രൂപ ഈടാക്കിയിട്ടില്ല.

2014-15 സാമ്പത്തിക വർഷത്തിൽ. ചുള്ളിമാനൂർ ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നമ്പർ 9 ലെ വാടകക്കാരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല. ടി കടമുറിക്ക് പ്രതിമാസം 2232/- രൂപ നിരക്കിലാണ് വാടകക്ക് നൽകിയിരുന്നത്. 2013-14 സാമ്പത്തിക വർഷം ടി കടമുറിയുടെ വാടകക്കാരിൽ നിന്നും 26784/- തൂപ ഈടാക്കാനുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 14 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കേണ്ടതാണ്.

**വാടക എഗ്രിമെന്റ് സൂക്ഷിക്കുന്നില്ല.**

വാടകക്ക് നൽകിയിട്ടുള്ള 12കടമുറികളിൽ 4 കടമുറികളുടെ വാടകക്കാരുമായി മാത്രമാണ് പഞ്ചായത്ത് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളത്. വാടകക്കാരുമായി നിയമാനുസൃത കരാറിൽ ഏർപ്പെടേണ്ടതാണ്.

## 2-3 വാടക നിരക്കിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല - തനതുഫണ്ടിന് നഷ്ടം.

ആനാട് ഗ്രാമ പഞ്ചായത്തിന് കീഴിൽ 12 കടമുറികളാണ് 2014-15 സാമ്പത്തിക വർഷത്തിൽ വാടകക്ക് നൽകിയിരുന്നത്. ഇതിൽ 10 കടമുറികൾ ചുള്ളിമാനൂർ ഷോപ്പിംഗ് കോംപ്ലക്സിലും 2 കടമുറികൾ ആനാട് ഷോപ്പിംഗ് കോംപ്ലക്സിലുമാണ്. വാടക ഇനത്തിൽ പഞ്ചായത്തിന് തൻവർഷത്തിൽ 83160/- രൂപ വരവ് ലഭിച്ചിട്ടുണ്ട്. കൂടാതെ 26784/- രൂപ കുടിശ്ശിക ഈടാക്കാനുണ്ട്. 2014-15 സാമ്പത്തിക വർഷത്തെ വാടകയിൽ മുൻ വർഷത്തെക്കാൾ അഞ്ച് ശതമാനം വാടക വർദ്ധനവ് വരുത്തിയിട്ടുണ്ടെങ്കിലും ചുള്ളിമാനൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 8 കടമുറികളുടെയും നിലവിലെ വാടക 800/- രൂപയിൽ താഴെയാണ്. പുനർലേലം നടത്തി വാടകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക ധനകാര്യ പത്രികയിലേതുമായി പൊരുത്തപ്പെടുന്നില്ല.

2014-15 സാമ്പത്തിക വർഷത്തെ ലേലം, വാടക, ഡി&ഒ ലൈസൻസ് ഇനങ്ങളിലെ വരവ് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചത് പ്രകാരം രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക ധനകാര്യ പത്രികയിലേതുമായി പൊരുത്തപ്പെടുന്നില്ല.

| | രജിസ്റ്റർ പ്രകാരം | AFSപ്രകാരം |
|---|---|---|
| വാടക | 83180 | 107673 |
| ലേലം | 61560 | - |
| ഡി & ഒ ലൈസൻസ് | 91010 | 85025 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 14 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. ഡി.സി.ബി സ്റ്റേറ്റ്മെൻറ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത്തരത്തിലുള്ള വ്യത്യാസം കാരണം വരവിൻറെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

## 2-5 ഡി & ഒ ലൈസൻസ്.

2014-15 സാമ്പത്തിക വർഷത്തിൽ ഡി& ഒ ലൈസൻസ് ഇനത്തിൽ 115950/- രൂപ വരവുണ്ട്. 1996ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 1 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് ലൈസൻസ് ബാധകമാണ്. എന്നാൽ 2014-15 സാമ്പത്തിക വർഷത്തിൽ ഈ വ്യാപാര സ്ഥാപനങ്ങൾക്ക് ഡി& ഒ ലൈസൻസ് നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12) മറുപടി ലഭ്യമായിട്ടില്ല.

## 2-6 ടൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ടേഷൻ.

2014-15 സാമ്പത്തിക വർഷത്തിൽ ആനാട് ഗ്രാമ പഞ്ചായത്തിൽ ടൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ടേഷനുമായി ബന്ധപ്പെട്ട് 50/- രൂപയുടെ വരവ് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച രജിസ്റ്ററുകളൊന്നും തന്നെ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ വരവിൻറെ കൃത്യത ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

## 2-7 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 3,5 എന്നിവ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കുവാൻ പാടുള്ളതല്ല. കൂടാതെ ടി സ്ഥാപനങ്ങൾ ഓരോ സാമ്പത്തിക വർഷത്തിലും രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. ഈ ഇനത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ ആനാട് ഗ്രാമ പഞ്ചായത്തിൽ 300/- രൂപയുടെ വരവ് മാത്രമാണ് ലഭിച്ചിട്ടുള്ളത് . ഇത് സംബന്ധിച്ച രജിസ്റ്ററുകളൊന്നും തന്നെ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ വരവിൻറെ കൃത്യത ഉറപ്പു വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിൻറെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 ഫോംവർക്കിന് അധിക നിരക്ക് നല്കി

**നിരക്കുകൾ**

| DSR code | ഇനം | കൺവീനർക്ക് നല്കേണ്ട നിരക്ക് | കരാറുകാരന് നല്കേണ്ടനിരക്ക് |
|---|---|---|---|
| 5.9.2 | centering and shuttering including strutting, propping etc. and removal of form for walls including attached pilasters, buttresses, plinth and string courses etc. | 401.40/$m^2$ | 461.61/$m^2$ |
| 5.9.6 | Centering and shuttering including strutting, propping etc. and removal of form for columns,pillars,abutments etc. | 507.60/$m^2$ | 583.74/$m^2$ |
| 5.9.1 | Centering and shuttering including strutting, propping etc. and removal of form for foundations,base of columns,footings etc. | 223.68/$m^2$ | 257.23/$m^2$ |

1) Centering and shuttering including strutting, propping etc. and removal of form for wallsന് DSR 5.9.2 ലെ നിരക്കിന് പകരം 5.9.6 ലെ Centering and shuttering including strutting, propping etc. and removal of form for columns,pillars,abutments etc. പ്രകാരമുള്ള തുക നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | അടങ്കൽ തുക / കരാറുകാരൻ | ചെലവ് തുക / ബിൽ നം. | എം ബുക്ക് നം. / ഇനം തുക നൽകിയ വിവരം | നൽകേണ്ട തുക | അധികം |
|---|---|---|---|---|---|---|
| 1. | താന്നിമൂട് ആഞ്ജനേയ ക്ഷേത്രം റോഡ് സൈഡ് വാൾ നിർമ്മാണം (129/15) | 200000 (മെ.ഗ്രാ) ശശിധരൻ നായർ (കൺവീനർ) | 200000 (60 / 30-1-15) | 73/14-15 ഇനം 3. 44.2 $m^2$ @ 583.74 = 25801 (കൺവീനർക്ക് കരാറുകാരന്റെ നിരക്കാണ് നല്കിയത്) | 44.2 $m^2$ @ 401.40 = 17742 | 8059/-രൂപ |
| 2. | തവലോട്ട്കോണം SC കോളനി റോഡ് നവീകരണം (187/15) | 529516 (വി.ഫ. SCP) അനിൽകുമാർ (കരാറുകാരൻ) | 528723 (71/23.2.15) | 207/14-15 ഇനം 4. 58.46 $m^2$ @ 583.74 = 34125 | 58.46 $m^2$ @ 461.61 = 26986 | 7139/- രൂപ |

ആകെ അധികം നല്കിയ 15198/- രൂപ നിരാകരിക്കുന്നു.

2) Centering and shuttering including strutting, propping etc. and removal of form for drain ന് DSR ലെ 5.9.1 ലെ നിരക്ക് നല്കിയാൽ മതിയാകും എന്നാൽ 5.9.2 ലെ Centering and shuttering including strutting, propping etc. and removal of form for Walls including attached pilasters, buttresses, plinth and string courses etc. യുടെ നിരക്കാണ് നല്കിയത്. ടി ഇനങ്ങൾ drain ന് ആവശ്യമില്ല. തുക നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | അടങ്കൽ തുക / കരാറുകാരൻ | ചെലവ് തുക / ബിൽ നം. | എം ബുക്ക് നം. / ഇനം തുക നൽകിയ വിവരം | നൽകേണ്ട തുക | അധികം |
|---|---|---|---|---|---|---|
| 1. | നെട്ടറക്കോണം റോഡ് ഓട നിർമ്മാണം (116/15) | 400000 (മെ.ഗ്രാ) മുരളീധരൻ നായർ | 400000 (70/ 23.2.15) | 162/14-15 ഇനം 3 175.89 $m^2$ @ 401.41 $m^2$ = 70602.55 | 175.89 m2 @223.68/ $m^2$ = 39343 | 31260/- രൂപ |
| 2. | ആനാട് മാർക്കറ്റ് നവീകരണം (1 21/15) | 550000 (വി.ഫ) അയൂബ് ഖാൻ (കരാറുകാരൻ) | 513084 (89/ 23.3.15) 4 ലക്ഷം മാത്രം | 176/14-15 എക്സ്ട്രാ - 2 98.97 @ 461.61 = 45685.54 | 98.97 @ 257.23 = 25458 | 20227/- രൂപ |

| | | | | | | |
|---|---|---|---|---|---|---|
| 3. | വെറ്റിനറി ഹോസ്പിറ്റൽ മെയിന്ററനൻസ് (196/15) | 500000 (മെ.ഗ്രാ) നുജുംഖാൻ | 497947 (117/ 31.3.15) | 246/14-15 3a 91m$^2$ @ 401.4/m$^2$ 36527.40 | 91m2 @ 223.68 = 20355 | 16172/- രൂപ |

ആകെ അധികം നല്കിയ 67659/- രൂപ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം 15 ൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നു.അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല. മേൽ തുകകൾ ബന്ധപ്പെട്ട കരാറുകാരൻ/കൺവീനറിൽനിന്നും ഈടാക്കേണ്ടതാണ് അല്ലാത്തപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## 3-2 കിണർ നിർമ്മാണം-എർത്ത് വർക്കിന് അധിക തുക നല്കി.

പദ്ധതി: പകൽവീട് കിണർ നിർമ്മാണം (135/15) -

അടങ്കൽ: 75000/- രൂപ (വി.ഫ)

കൺവീനർ - അൻഷാദ്,

എം.ബുക്ക് - 287/14-15

ചെലവ് തുക 75000 (ബിൽ നം. 109/30.3.15)

ടി പദ്ധതിയിൽ ഇനം 1,2,3 എന്നിവയിലായി കിണർ നിർമ്മാണത്തിന് $2 \times 3.14 \times 1^2 \times 1.5 = 9.42m^3$ മണ്ണ് കിളച്ചെടുത്തതിനാണ് തുക നൽകിയത് എന്നാൽ $3.14 \times 1^2 \times 1.5 = 4.71m^3$ ന് തുക നൽകിയാൽ മതി. 3 ഇനങ്ങളിലായി ആകെ 28.26m$^3$ ന് നൽകിയ തുക 7342/- രൂപയാണ്, നൽകേണ്ട തുക 14.13m$^3$ നാണ് അതായത് 7342/2 = 3671/- രൂപ. 3671/- രൂപ അധികം നൽകി.

ഓഡിറ്റ് എൻക്വയറി നം 15 ൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല. മേൽ തുക ബന്ധപ്പെട്ട കൺവീനറിൽനിന്നും ഈടാക്കേണ്ടതാണ് അല്ലാത്തപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## 3-3 സ്പോർട്ട്സ് ക്ലബ്ബുകൾക്ക് സ്പോട്ട്സ് കിറ്റ് വിതരണം- മാർഗ്ഗരഖാ വിരുദ്ധം.

പ്രോജക്റ്റ് നമ്പർ S0020/15.

പ്രോജക്റ്റിന്റെ പേര് സമഗ്ര സാംസ്കാരിക പരിപാടി.

അടങ്കൽ തുക 50000/- (വികസനഫണ്ട്.)

ചെലവ് തുക 50000/-

ബിൽ നം., തീയതി. 13/14-15/ 23-3-2015.

നിർവ്വഹണം. ഹെഡ് മാസ്റ്റർ, ഗവ. എൽ.പി.എസ്. ആനാട്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം. എസ്സ്) 362/2013 ത.സ്വ.ഭ.വ തീയതി. 16-11-2013-പ്രകാരം സ്പോർട്ട്സ് ക്ലബ്ബുകൾക്ക് കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ വാങ്ങി നൽകാൻ പാടില്ല. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 20 ക്ലബ്ബുകൾക്ക് വികസനഫണ്ടിൽ നിന്നും 50000/- രൂപ ചെലവഴിച്ച് സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങി നല്കിയത് സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് എൻക്വയറി നം. 13-ന് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി തൃപ്തികരമല്ല. സ്പോർട്ട്സ് കിറ്റുകൾ ലഭിച്ച ക്ലബ്ബുകൾ എല്ലാം സ്പോർട്ട്സ് കൗൺസിലിൽ രജിസ്ട്രേഷൻ നേടി പ്രവർത്തിക്കുന്നവയല്ല. വികസനഫണ്ട് ഉപയോഗിച്ച് മേലിൽ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ജീവനക്കാർക്കു അധികവേതനം - തിരികെ ഈടാക്കേണ്ടതാണ്.

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നികുതി വിവരശേഖരണ ഫാറങ്ങൾ മുഴുവനും ഡാറ്റഎൻട്രി വരുത്തുന്നതിന് പ്രോജക്റ്റ്.നം.SO0141/15 പ്രകാരം വികസന ഫണ്ടിൽനിന്നും 125000/-രൂപ വകയിരുത്തുകയും, നികുതിനിശ്ചയിച്ച് 31.05.2014-നുമുൻപ് പൂർത്തീകരിക്കുന്നതിന് കരാർ വ്യവസ്ഥയിൽ നാലു താത്കാലിക ജീവനക്കാരെചുമതലപ്പെടുത്തി (ഹരിത-നെടുമങ്ങാട്, സമീനാഖാൻ - അരുവിക്കര, വിഭാചന്ദ്രൻ- ഏണിക്കര, രാഖി - ടെക്നിക്കൽ അസിസ്റ്റന്റ്) 31.05.2014-ലെ 5/14-15-ാം നമ്പർ പ്രകാരം ഉത്തരവായി. പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തതിനാൽ 25.07.14 വരെ സമയം നീട്ടിക്കൊടുക്കുകയും, നിശ്ചയിച്ച സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ, മേൽനോട്ടം വഹിക്കുന്ന പഞ്ചായത്തു ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമെന്നു ഡി.ഡി.പി. പഞ്ചായത്തിനെ അറിയിച്ചിരുന്നു. തുടർന്ന് പഞ്ചായത്ത് ജീവനക്കാരായ ദിവ്യ തോംസൺ, രാകേന്ദു (പഞ്ചായത്തു ജീവനക്കാരായ എൽ.ഡി.ക്ലാർക്കുമാർ) എന്നിവർ പ്രസ്തുത ജോലിഏറ്റെടുത്തുചെയ്തതായും, ഇതിനുള്ളപ്രതിഫലമായി ദിവ്യതോംസൺ, 1374/- രൂപയും, രാകേന്ദു, 1110/- രൂപയും കൈപ്പറ്റിയിട്ടുണ്ട്. ( ഡി.ഡി.നം.945570, 9845572)

അധിക ജോലി ചെയ്തതു് ഓഫിസ് സമയങ്ങളിലാണോ, അവധി ദിനങ്ങളിലാണോ എന്നതുവ്യക്തമല്ല. സാമ്പത്തിക നേട്ടത്തിനായി ഓഫീസ് സമയം ദുരുപയോഗം ചെയ്യുന്നതു് അംഗീകരിക്കാനാവില്ല. മാത്രമല്ല, അവധി ദിനങ്ങളിലാണ് ജോലിയെടുത്തതെങ്കിൽ പകരം മറ്റൊരു ദിവസം അവധിയായി അനുവദിക്കാവുന്നതാണ്. (04-11-99- ലെ GO(P)No.840/92/Fin കാണുക). ആയതിനാൽ ജീവനക്കാർക്കു നല്കിയ 1374 + 1110= 2484 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-5 വൗച്ചറുകളും, കൈപ്പറ്റു രസീതുകളും ഹാജരാക്കിയിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു.

2014-15 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും വിവിധയിനങ്ങൾക്കായി നല്കിയ തുകകൾ പരിശോധനയ്ക്കു വിധേയമാക്കിയപ്പോൾ ഹാജരാക്കേണ്ടിയിരുന്ന വൗച്ചറുകളോ, കൈപ്പറ്റു രസീതുകളോ പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല. ഇവ ഹാജരാക്കുന്നതിനു നല്കി യ ഓഡിറ്റ് എൻക്വയറിക്ക്(7) മറുപടി ലഭ്യമാക്കിയിട്ടില്ല. ഹാജരാക്കാത്ത വൗച്ചർ നമ്പർ,തീയതി, തുക, ഇനം, കൈപ്പറ്റുരസീതുഹാജരാക്കിയിട്ടില്ലാത്ത ചെലവിനങ്ങളും താഴെക്കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം. തീയതി | തുക | ഇനം |
|---|---|---|---|
| 1 | 7725/23.12.2014 | 19700 | വസ്തുനികുതി (ശ്യാംമോഹൻ) |
| 2 | 1501/30.12.14 | 1170 | ഡി.ഡി.പി |
| 3 | 1502/30.12.14 | 10000 | മാർക്കറ്റ് ശുചീകരണം |
| 4 | 1503/3012.14 | 1800 | ഊണ് |
| 5 | 9591/26.03.15 | 706 | ടെലഫോൺചാർജ് |
| 6 | 9593/27.03.15 | 57582 | ലീവ്സറണ്ടർ |
| 7 | 9603/31.03.15 | 99575 | റ്റി.എ( മെമ്പേഴ്സ്) |
| 8 | 50618/31.03.15 | 47110 | എൻ.ആർ.ഇ.ജി.എസ് മെഡിക്കൽക്യാമ്പ് |
| 9 | 50619/31.03.15 | 49586 | ഇനം വ്യക്തമല്ല |
| 10 | 50620/31.03.15 | 400 | ഇനം വ്യക്തമല്ല (സുബിൻകുമാർ) |
| 11 | 50621/31.03.15 | 1230 | കൃഷ്ണ ബുക്ക് സ്റ്റാൾ |
| 12 | 50622/31.03.15 | 1986 | ഇനം വ്യക്തമല്ല (മണി) |
| 13 | 466 | 17350 | വികസന സെമിനാറിന് ഭക്ഷണം |
| 14 | 462/18.02.15 | 850 | ടോണർ റീഫിൽ |
| 15 | 1960707 | 170999 | സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഒടുക്കിയതു്. (12-13 - 14-15) |
| | **ആകെ** | **480044/-** | |

തുകകൾ ബിൽ രജിസ്റ്ററിൽ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു.

## 3-6 മാർക്കറ്റ് നവീകരണം - തുക അംഗീകരിക്കുന്നില്ല.

പ്രോജക്ട്.നം. SOO121/15
പ്രോജക്ടിന്റെ പേര് ആനാട് മാർക്കറ്റ് നവീകരണം
ആകെ അടങ്കൽ 550000/-രൂപ
ആകെചെലവ് 545833/-രൂപ
ഫണ്ടിനം വികസനഫണ്ട്
നിർവ്വഹണം അസിസ്റ്റന്റ് എഞ്ചിനിയർ

ആനാട് മാർക്കറ്റ് നവീകരണത്തിനും, ശുചീകരണത്തിനുമായി 2014-15 സാമ്പത്തികവർഷം പഞ്ചായത്തു് വെവ്വേറെ പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ടു്. മാർക്കറ്റു് നവീകരണത്തിനായി 550000/-രൂപ വകയിരുത്തിയിരുന്നെങ്കിലും 545833/- രൂപ ചെലവഴിച്ച് രണ്ടു ഫിഷ്സ്റ്റാളുകളും, രണ്ടു കടമുറികൾക്ക് ഷട്ടറും, മാർക്കറ്റിൽനിന്നും വെള്ളം വാർന്നു പോകുന്നതിനു് ഓടയും, ഇവിടെയെത്തുന്നവെള്ളം പുറത്തേക്കൊഴുക്കുന്നതിന് ഷട്ടറും, ഓടമൂടുന്നതിനായി 60 സ്ളാബുകളും നിർമ്മിച്ചിട്ടുണ്ടു്. ഈ മാർക്കറ്റിൽ വിശാലമായ പച്ചക്കറിസ്റ്റാളും, എട്ടു കടമുറികളും, രണ്ടു ചവർസംസ്കരണയൂണിറ്റുകളുമുണ്ടു്. മാർക്കറ്റിനുള്ളിൽ ഇപ്പോൾ മൂന്നു മുറികളിലായി ഇറച്ചിക്കോഴിവില്പന മാത്രമാണുള്ളതു്. ഓഡിറ്റ് വിഭാഗം മാർക്കറ്റിൽ ഭൗതികപരിശോധന നടത്തിയപ്പോൾ കണ്ടെത്തിയ വസ്തുതകളാണിവ. നല്ലരീതിയിൽ പ്രവർത്തിച്ചിരുന്ന മാർക്കറ്റിൽ 2015 സെപ്റ്റംബറിലുണ്ടായ വെള്ളപ്പൊക്കത്തെത്തുടർന്നു് കച്ചവടക്കാരുടെ വസ്തുവകകൾ ഒഴുകിപ്പോയതിനാൽ ഇപ്പോൾ മാർക്കറ്റ് പ്രവർത്തിക്കുന്നില്ല. വയൽനികത്തിയെടുത്താണ് മാർക്കറ്റ് സജ്ജീകരിച്ചിരിക്കുന്നതു്. മാർക്കറ്റ് സ്ഥിതി ചെയ്യുന്ന പ്രദേശം എന്നത് മറ്റു സ്ഥലങ്ങളെയപേക്ഷിച്ച് താരതമ്യേന താഴ്ന്നുകിടക്കുന്ന സ്ഥലമാണ്. ഭൂമിശാസ്ത്രപരമായ ഈ സവിശേഷത പരിഗണിക്കാതെ ആണ് മാർക്കറ്റിനായി സ്ഥലം വാങ്ങി നിർമ്മാണ പ്രവൃത്തികളെല്ലാം നടത്തിയിരിക്കുന്നതു്.

2014-15-ലെ പദ്ധതിപ്പണം ചെലവഴിച്ചുനിർമ്മിച്ച ഓടയും, അതിലെ ഷട്ടറും ശരിയായി പ്രവർത്തിപ്പിച്ചാൽ മഴക്കാലത്തെ വെള്ളക്കെട്ടു് തടയുന്നതിനു സാധിക്കും. മാർക്കറ്റിനു സമീപത്തെ തോടു് വൃത്തിയാക്കി, പാർശ്വഭിത്തി കെട്ടി ആഴംകൂട്ടുകയും ചെയ്താൽ, മാർക്കറ്റിൽ സ്ഥാപിച്ചിരിക്കുന്ന ഷട്ടർവഴി വെള്ളം പുറത്തേക്കൊഴുക്കാവുന്നതും, മാർക്കറ്റിലെ വെള്ളപ്പൊക്കം നിയന്ത്രിക്കാവുന്നതുമാണു്.

### പഞ്ചായത്ത് ഓഫീസിനു മുന്നിൽ അനധികൃതമായി പ്രവർത്തിക്കുന്ന മാർക്കറ്റ്

നിലവിൽ ആരും മാർക്കറ്റിൽ സാധനങ്ങൾ വിൽപ്പനയ്ക്കു വയ്ക്കുന്നില്ല, പകരം പഞ്ചായത്ത്ഓഫീസിലേയ്ക്കുള്ളറോഡിന്റെ ഇരുവശത്തുമായിട്ടാണ് മാർക്കറ്റ് പ്രവർത്തിച്ചുവരുന്നതു്. ഇതുസംബന്ധിച്ചു നല്കിയ ഓഡിറ്റ് എൻക്വയറിക്കു് (3) കച്ചവടക്കാർ മാർക്കറ്റിൽ വില്പന നടത്താൻ കൂട്ടാക്കുന്നില്ലെന്നും, പോലീസിൽ പരാതിനല്കിയിട്ടുണ്ടെന്നും മറുപടി നല്കിയിട്ടുണ്ടു്.മാർക്കറ്റിനു പുറത്തെ വഴിയോരക്കച്ചവടം സമീപവാസികൾക്കും, തൊട്ടടുത്ത എൽ.പി.സ്കൂൾ വിദ്യാർത്ഥികൾക്കും, വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിലെത്തുന്ന ജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടു്. വഴിയരുകിലുള്ള മത്സ്യക്കച്ചവടം തെരുവു് നായ്ക്കളുടെ ആക്രമണത്തിനു വഴിയൊരുക്കുമെന്ന സാധ്യത നിലനിൽക്കുന്നു. ലക്ഷങ്ങൾ ചെലവഴിച്ചു മാർക്കറ്റ് നവീകരിച്ചുവെങ്കിലും വരുമാനദായകമായ മൂലധനമായി മാർക്കറ്റ് മാറിയില്ല. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായി മാർക്കറ്റ് പ്രവർത്തിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 കേരകൃഷി വികസന പദ്ധതി- അധികമായി പിൻവലിച്ച തുക തിരിച്ചടക്കേണ്ടതാണ്.

പ്രോജക്ട് നം. S0015/15.

പ്രോജക്ടിന്റെ പേര് കേരകൃഷി വികസന പദ്ധതി.

അടങ്കൽ തുക 2,20,000/-(വികസനഫണ്ട്- 1,65,000)

(ഗുണഭോക്തൃ വിഹിതം- 55,000)

ചെലവ് തുക 63,800/-

ബിൽ നം./ തീയതി. 09/14-15-, 28-03-2015.

നിർവ്വഹണം. കൃഷി ഓഫീസർ.

കൃഷി ഓഫീസർ നിർവഹണം നടത്തിയ മേൽ പദ്ധതിയിൽ ആകെ ചെലവ് തുകയായ 63,800/- രൂപയിൽ ഗുണഭോക്തൃ വിഹിതമായ 15,950/- രൂപ (25%) കിഴിച്ച് 47,850/- രൂപയായിരുന്നു പ്ലാൻ ഫണ്ടിൽ ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ ബിൽ നം. 09/14-15 തീയതി 28-03-2015 പ്രകാരം 49,880/-രൂപ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് എൻക്വയറി നം. 5-ന് മറുപടിയായി ഗുണഭോക്തൃ വിഹിതമായ തുക 2030/-രൂപ പഞ്ചായത്തിൽ നിന്നും കുറവായാണ് പിൻവലിച്ചതെന്നും, ഗുണഭോക്തൃ വിഹിതത്തിൽ ബാക്കി നിൽക്കുന്ന തുക 2030/-രൂപ പഞ്ചായത്തിൽ നിന്നും പിൻവലിച്ച് പ്ലാൻ ഫണ്ടിൽ അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-8 വികസന ഫണ്ട് ഫലപ്രദമായി പ്രയോജനപ്പെടുത്തിയില്ല.

ലോകബാങ്ക് ധനസഹായം, ധനകാര്യ കമ്മിഷൻ ഗ്രാന്റ് മുതലായ വികസന ഫണ്ടുകൾ ഉപയോഗിച്ച് സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുന്നതിന് പകരം ഭാഗികമായ, ചെറുതായ റോഡ് പ്രവൃത്തികൾ മാത്രമാണ് നടത്തിയിട്ടുള്ളത്.അതായത് അടങ്കൽ തുക കുറവും പദ്ധതികളുടെ എണ്ണം വളരെ കൂടുതലുമാണ്. പശ്ചാത്തല മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ആകെ അടങ്കൽ തുക | പദ്ധതികളുടെ എണ്ണം |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 1165514 | 7 |
| ,, (എസ് സി പി) | 1079516 | 3 |
| ലോകബാങ്ക് ധനസഹായം, | 8037950 | 44 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 5516841 | 36 |

മൺ റോഡുകളുടെ ചില ഭാഗത്ത് 45 മീ. കോൺക്രീറ്റ് ,സൈഡ് വാൾ,ഫസ്റ്റ് മെറ്റലിംഗ് എന്നിയാണ് നടത്തിയിട്ടുള്ളത്. പഞ്ചായത്തിന് ധാരാളം ആസ്തികൾ ഉണ്ടായിട്ടും ഒന്നും തന്നെ സംരക്ഷിക്കുന്നതിന് പദ്ധതികൾ നടത്തിയില്ല. ആസ്തികളായ ചിറകൾ, നീന്തൽ ക്കുളങ്ങൾ, സ്റ്റേഡിയം, ജിംനേഷ്യം, ഭൂമികൾ എന്നിവയിൽ സ്വകാര്യ കൈയ്യേറ്റം നടന്നതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിരുന്നു.ശ്മശാനത്തിനായി ഭൂമിയുണ്ടെങ്കിലും നാളിതു വരെ ശ്മശാനം നിർമ്മിച്ചിട്ടില്ല. മാർക്കറ്റ് പ്രയോജനപ്പെടുത്തിയിട്ടില്ല.ഫണ്ട് വിനിയോഗം ഫലപ്രദമാകത്തക്ക വിധത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും,ആസ്തികൾ സംരക്ഷിക്കുന്നതിനും ഭരണസമിതിയും സെക്രട്ടറിയും അസിസ്റ്റന്റ് എഞ്ചിനീയറും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ മാർഗ്ഗരേഖാ വിരുദ്ധം.

I പ്രോജക്റ്റ് നമ്പർ- S0023/2015

പ്രോജക്ടിന്റെ പേര്- തൊഴുത്ത് പുനരുദ്ധാരണം

അടങ്കൽ തുക- 6,00,000/- ( വികസന ഫണ്ട്- 3,00,000/-

ഗുണഭോക്തൃ വിഹിതം- 3,00,000/- )

ചെലവ് തുക- 2,20,000/- (വികസനഫണ്ട് ) (55 x 4000)

ബിൽ നമ്പർ/തീയതി- (1) 05/2014-15 തീയതി 17.03.2015 152000

(2) 09/2014-15 തീയതി 31.03.2015 <u>68000</u> **ആകെ 2,20,000**

II പ്രോജക്റ്റ് നമ്പർ- S0026/2015

പ്രോജക്ടിന്റെ പേര്- ആട്ടിൻകൂട് നിർമ്മാണം

അടങ്കൽ തുക- 12,00,000/- ( വികസന ഫണ്ട് 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്- 5,00,000/-

ഗുണഭോക്തൃ വിഹിതം- 7,00,000/- )

ചെലവ് തുക- 4,12,000/- (വികസനഫണ്ട്) ( 103 x 4000)

ബിൽ നമ്പർ/തീയതി- (1) 04/2014-15 തീയതി 29.01.2015 252000

(2) 06/2014-15 തീയതി 17.03.2015 108000

(3) 10/2014-15 തീയതി 31.03.2015 52000

**ആകെ 4,12,000**

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖാ ജി.ഒ (എം.എസ്) 362/2013 ത.സ്വ.ഭ.വ തീയതി 16.11.2013 പ്രകാരം മേൽപ്പറഞ്ഞ പ്രോജക്ടുകൾക്ക് ധനസഹായം നൽകാൻ വ്യവസ്ഥയില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4 ന് വെറ്ററിനറി സർജൻ നൽകിയ മറുപടിയിൽ ഗ്രാമസഭയുടേയും, വർക്കിംഗ് ഗ്രൂപ്പിന്റെയും ആവശ്യം പരിഗണിച്ചും, ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് പ്രോജക്ട് നടപ്പാക്കിയതെന്നും, തുടർ വർഷങ്ങളിൽ ഇത്തരം പദ്ധതികൾ ഒഴിവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 2013-14 വർഷം ഇതേ പ്രോജക്ടുകൾ നടപ്പിലാക്കിയതിനാൽ ഓഡിറ്റ് പരാമർശം നിലനിൽക്കുകയാണ്. 2013-14 വർഷത്തെ ഓഡിറ്റ് വേളയിൽ ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇതേ മറുപടിയാണ് നിർവ്വഹണഉദ്യോഗസ്ഥൻ സമർപ്പിച്ചിരുന്നത്. മുൻവർഷം ഓഡിറ്റ് പരാമർശം ഉണ്ടായിട്ടും വീണ്ടും ആവർത്തിച്ചത് അംഗീകരിക്കാവുന്നതല്ല. ആയതിനാൽ 2014-15 വർഷത്തെ ചെലവ് തുക (2,20,000 + 4,12,000) 6,32,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-10 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2014-15 വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ആകെ കുടുംബങ്ങൾ | തൊഴിലിന് രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങൾ | തൊഴിൽ നൽകിയ ദിനങ്ങൾ | 100ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | ആകെ ചെലവ് തുക |
|---|---|---|---|---|---|
| 4232 | 2260 | 4232 | 86280 | 24 | 21669732 |

2014-15 ൽ വിഭാവനം ചെയ്തതും, യഥാർത്ഥത്തിൽ നിർവ്വഹിക്കപ്പെട്ടതുമായ പദ്ധതികളടെ വിശദാംശങ്ങൾ.

| വിഭാവനം ചെയ്തത് | | | നിർവ്വഹിക്കപ്പെട്ടത് | | | |
|---|---|---|---|---|---|---|
| ഏറ്റെടുത്ത പദ്ധതികൾ | തൊഴിൽ ദിനങ്ങൾ | അടങ്കൽ തുക | നിർവ്വഹിച്ച പദ്ധതികൾ | നൽകിയ തൊഴിൽ ദിനങ്ങൾ | ലഭ്യമായ തുക (മുന്നിരിപ്പ്+ തൻവർഷം ലഭിച്ചത്+ പലിശ) | ചെലവ് തുക |
| 246 | 149760 | 38276180 | 172 | 86280 | (51202+1892650+8880+1952732) | 21669732. |

ഫണ്ട് ലഭിച്ചതും വിനിയോഗിച്ചതും

| മുന്നിരിപ്പ് | തൻ വർഷം ലഭിച്ചത്(ഇ.എഫ്.എം.എസ്.പ്രത്യേകം) | ആകെ | തൻ വർഷം ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 51202 | 1901530+ 19717000. | 21669732 | 1952732+ 19717000. | 0 |

<u>ആകെ നിർവ്വഹിച്ച പദ്ധതികൾ- തരംതിരിച്ച്</u>

1. ജലസംരക്ഷണവും ജല കൊയ്ത്തും - 1

2. വരൾച്ച തടയൽ(വനവൽക്കരണവും വൃക്ഷങ്ങൾ നട്ടു പിടിപ്പിക്കലും) -

3. ജലസേചന പദ്ധതികൾ - 45

4. കുളങ്ങൾ ഉൾപ്പെടെയുള്ള ജല സ്ത്രോതസുകളുടെ പുനരുദ്ധാരണം - 2

5. ഭൂവികസനം - 120

6. അഴുക്ചാൽ നിർമ്മാണം, വെള്ളപ്പൊക്കനിയന്ത്രണം - 2

7. ഉൽപാദനപരമായ പ്രോജക്ടുകൾ -

8. മറ്റ് വ്യത്യസ്തമായ പ്രോജക്ടുകൾ(ഐ.എ.വൈ) - 2

**ആകെ - 172**

# 3-11 ആസ്തികൾ സംരക്ഷിക്കാതെ നടപ്പാക്കിയ പദ്ധതികൾ പരാജയപ്പെട്ടു.

I) പ്രോജക്ട് നം- 43/14-15.

പ്രോജക്ടിന്റെ പേര്- പണ്ടാരക്കോണം ചിറ വൃത്തിയാക്കി ബണ്ടിൽ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കുക.

അടങ്കൽ തുക 181500/-

ചെലവ് തുക 168910/-

എം.ബുക്ക് നം 28/14-15.

II) പ്രോജക്ട് നം- 42/13-14.

പ്രോജക്ടിന്റെ പേര്- വേങ്കവിള നീന്തൽക്കുളം വൃത്തിയാക്കി ബണ്ടിൽ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കുക.

അടങ്കൽ തുക. 155800/-

ചെലവ് തുക. 113919/-

എം.ബുക്ക് നം. 27/14-15.

മെറ്റീരിയൽ വർക്കുള്ള മേൽ പദ്ധതികളുടെ ആകെ ചെലവ് 2,82,829/- രൂപയാണ്. എന്നാൽ ചിറയും, നീന്തൽക്കുളവും മതിൽ കെട്ടി സംരക്ഷിക്കാതെയാണ് പ്രവൃത്തികൾ ചെയ്തത്. പദ്ധതി നടപ്പാക്കിയ ശേഷം തുടർ സംരക്ഷണം ഇല്ലാത്തതു കാരണം ചെയ്ത പ്രവൃത്തികൾ പാഴായതായി സ്ഥലപരിശോധന നടത്തിയതിൽ ബോധ്യപ്പെട്ടു. മേലിൽ ഇത്തരം പ്രവൃത്തികൾ ചെയ്യുമ്പോൾ ആസ്തി സംരക്ഷണം ഉറപ്പാക്കിയശേഷം ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് | 2013-14 | 75000 | പാലിയേറ്റീവ് കെയർ | 34467 | 40533 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 275/2010/ | 15651000 | 9390600 | 1565100 | | 7825500 |

| | | | | | | |
|---|---|---|---|---|---|---|
| വായ്പ തിരിച്ചടവ് | തസ്വഭവ തീയതി 27.10.2010 | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | 3-4 | 16731 | ഹരികുമാർ ( എ.ഇ) | 115131022140 03.12.2015 |
| 2009-10 | 3-4 | 6962 | ഹരികുമാർ ( എ.ഇ) | കത്ത് നൽകിയിട്ടുണ്ട് |
| 2010-11 | 3(12) | 1172 | കെ.രാജേന്ദ്രൻ നായർ (എ.ഇ) | കത്ത് നൽകിയിട്ടുണ്ട് |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- ാം വകുപ്പു പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 49 | | 49 | മിനി വ്യവസായ യൂണിറ്റ് | യൂണിറ്റ് പ്രവർത്തന ക്ഷമമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 94489750 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 86005908 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 27534 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 696875 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1112044 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ **ബി**-യിലേയും **സി**-യിലേയും തുകയാണ്.)

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2.1, 2.2 | 27534 | | മോഹനൻചെട്ടിയാർ<br>സെക്രട്ടറി (01.04.2014-04.08.2014)<br>ആൽബർത്ത പെരേര,സെക്രട്ടറി(05.08.2014-31.03.2015) |
| 3.1(1) | | 15198 | ശ്രീമതി.സുജ, എ.ഇ |
| 3.1(2) | | 67659 | ശ്രീമതി.സുജ, എ.ഇ |
| 3.2 | | 3671 | ശ്രീമതി.സുജ, എ.ഇ |
| 3.4 | | 2484 | ആൽബർത്ത പെരേര,സെക്രട്ടറി |
| 3.8 | | 2030 | രശ്മി.സി.ആർ,കൃഷി ഓഫീസർ |
| **ആകെ** | | **91042/-** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.5 | 480044 | മോഹനൻചെട്ടിയാർ സെക്രട്ടറി(01.04.2014-04.08.2014)<br>ആൽബർത്ത പെരേര,സെക്രട്ടറി(05.08.2014-31.03.2015) |
| 3.9 | 632000 | ഡോ.ഷമൻ,വെറ്ററിനറി സർജൻ |
| **ആകെ** | **1112044/-** | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മോഹനൻ ചെട്ടിയാർ, സെക്രട്ടറി | സെക്രട്ടറി, വെള്ളനാട് ഗ്രാമപഞ്ചായത്ത് | ശ്രീ സാകേതം, നെട്ടറച്ചിറ, നെടുമങ്ങാട് |

| | | |
|---|---|---|
| ആൽബർത്ത പെരേര, സെക്രട്ടറി | സർവ്വീസിൽ നിന്നും വിരമിച്ചു | റ്റി.സി 35/283(3,4) ഷാലോം ഹോം വലിയതുറ, വള്ളകടവ് പി.ഒ |
| രശ്മി.സി.ആർ,<br>കൃഷി ഓഫീസർ | | അമ്പലത്തറ, തിരുവനന്തപുരം |
| ലത്തീഫാബീഗം ,വി.ഇ.ഒ | ആനാട്ടഞ്ചായത്ത് | അൽബറാക്ക്, 80എ, ഹരിത നഗർ, മൂന്നാംമൂട്, കൊടുങ്ങാനൂർ പി.ഒ. വട്ടിയൂർക്കാവ് |
| സുജ,എ.ഇ | | അഴകത്ത് വീട്, പുതുകുളങ്ങര, നെടുമങ്ങാട് |
| രമാകുമാരി.ബി.ആർ | ആനാട്ടഞ്ചായത്ത് | കൃഷ്ണകൃപ, സുവർണ്ണ നഗർ, കുളപ്പട |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | നം എൽ എഫ് റ്റി ഡി ജി പി 6/ 649/03 തീയതി 12.06.2014 | 6 | ഖ 51 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട് |
| 2001-02<br>(വരവ്) | നം എൽ എഫ് റ്റി ഡി ജി പി 6/209/06 തീയതി 01.08.2014 | ഇല്ല | |
| 2001-02<br>(ചെലവ്) | നം എൽ എഫ് റ്റി ഡി ജി പി 6/1372/2011 തീയതി 12.06.2014 | 2 | ഖ 42 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട് |
| 2002-03 | നം എൽ എഫ് റ്റി ഡി ജി പി 6/210/2006തീയതി 12.06.2014 | 3 | |
| 2003-04 | നം എൽ എഫ് റ്റി ഡി ജി പി 6/243/2009 തീയതി 12.06.2014 | 1 | |
| 2004-05 | നം എൽ എഫ് റ്റി ഡി ജി പി 6/244/2009 തീയതി 12.06.2014 | 1 | |
| 2005-06 | നം എൽ എഫ് റ്റി ഡി ജി പി 6/245/2009തീയതി 12.06.2014 | 2 | |

| | | | |
|---|---|---|---|
| 2006-07 | നം എൽ എഫ് റ്റി ഡി ജി പി 6/217/2010 തീയതി 12.06.2014 | 2 | |
| 2007-08 | നം എൽ എഫ് റ്റി ഡി ജി പി 6/221/2010 തീയതി 01.08.2014 | 1 | |
| 2008-09 | നം എൽ എഫ് റ്റി ഡി ജി പി 6/1373/2011 തീയതി 12.06.2014 | 1 | |
| 2009-10 | നം എൽ എഫ് റ്റി ഡി ജി പി 6/1372/2010 തീയതി 01.08.2014 | 2 | |
| 2010-11 | നം എൽ എഫ് റ്റി ഡി ജി പി 6/1854/2013 തീയതി 29.11.2013 | 15 | |
| 2011-12 | നം എൽ എഫ് റ്റി ഡി ജി പി 6/1917/2013 തീയതി 31.10.2014 | 11 | |
| 2012-13 | നം എൽ എഫ് റ്റി ഡി ജി പി 6/1245/2014തീയതി 02.02.2015 | 16 | |
| 2013-14 | നം.കെ.എസ്.എ .റ്റി.വി.എം . ജി.പി.1/1116/2015 തീയതി 15.10.2015 | 10 | |

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**രാജ് 08.06.2016**

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **ആനാട് ഗ്രാമപഞ്ചായത്തിന്റെ 2014-15** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 3-ലെ ഖണ്ഡികയിൽ വിശദീകരിച്ചിട്ടുള്ളതു പോലെ **91042/-**രൂപയുടെ നിരാകരണം **1112044/-** രൂപയുടെ തടസ്സം എന്നിവ ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക **ആനാട് ഗ്രാമപഞ്ചായത്തിന്റെ 2014-15** സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും 2003ജൂൺ 12-ലെ നമ്പർ:319/2003/ധന, തീയതി:12.06.2003 ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്